		ജൂമാമസ്ജിത്ത്	
6.	വടക്കാഞ്ചേരി ഗോഡൗൺ	- കെ. തങ്കമണി	- 7,500
7.	ചാവക്കാട് ഗോഡൗൺ	- ചാവക്കാട്-ഫർക്കാ കോപ്പറേറ്റീവ് സൊസൈറ്റി	- 7,049.50

(ഡി) തൃശ്ശൂർ നഗരത്തിൽ പുങ്കുന്നം ഓവർബ്രിഡ്ജിനു താഴെയുള്ള സ്ഥലം സിവിൽ സപ്ലൈസ് കോർപ്പറേഷന് ഗോഡൗണിനുവേണ്ടി നൽകണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗോഡൗൺ ആക്കുന്നതിനുള്ള ചെലവ് ഭാരിച്ചതാണെങ്കിൽ എടുക്കുവാൻ പ്രയാസമാണെന്ന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(ഇ) ഈ സ്ഥലം സിവിൽ സപ്ലൈസ് കോർപ്പറേഷൻ എൻജിനീയർ, അസിസ്റ്റന്റ് മാനേജർ, തൃശ്ശൂർ എന്നിവർ ചേർന്ന് പരിശോധിച്ചു. അവരുടെ റിപ്പോർട്ടിൽ സാധനങ്ങൾ സൂക്ഷിയ്ക്കുമ്പോൾ കേടുകൂടാതെ ഇരിക്കുവാൻ ഗോഡൗണിന്റെ തറ ഉയർത്തണമെന്നും ചോർച്ചയുണ്ടാകാതെ ഇരിക്കുവാനുള്ള ക്രമീകരണം നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

113 (1473) കിളിമാനൂർ മണ്ഡലത്തിലെ മണ്ണെണ്ണ പെർമിറ്റുകൾ

<u>ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മേയ് 31-വരെ സംസ്ഥാനത്തൊട്ടാകെ എത്ര പേർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്; അവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഇതേ കാലയളവിൽ കിളിമാനൂർ നിയോജകമണ്ഡലത്തിൽ മാത്രമായി എത്ര പെർമിറ്റുകളാണ് നൽകിയിട്ടുള്ളത്;

(സി) ഇവിടെ നിന്നും മണ്ണെണ്ണ പെർമിറ്റിനുവേണ്ടി എത്ര അപേക്ഷകളാണ് ലഭിച്ചിരുന്നത്;

(ഡി) അപേക്ഷകളുടെ ബാഹുല്യവും മണ്ഡലത്തിന്റെ പിന്നോക്കാവസ്ഥയും പരിഗണിച്ച് പെർമിറ്റുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നകാര്യം അനുഭാവപൂർവ്വം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) 1999 മേയ് 31- വരെ സംസ്ഥാനത്തൊട്ടാകെ 10,76,609 പേർക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു.

തിരുവനന്തപുരം-		132927
കൊല്ലം	-	75594
പത്തനംതിട്ട	-	30909
ആലപ്പുഴ	-	87538
കോട്ടയം	-	75015

LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി	-	24566
എറണാകുളം	-	184295
തൃശ്ശൂർ	-	109954
പാലക്കാട്	-	87120
മലപ്പുറം	-	69716
കോഴിക്കോട്	-	89452
വയനാട്	-	18860
കണ്ണൂർ	-	65414
കാസർഗോഡ്	-	25249

ആകെ		1076609

(ബി) കിളിമാനൂർ നിയോജകമണ്ഡലത്തിൽ 1999 മെയ് 31-വരെ 2382 പെർമിറ്റുകളാണ് നൽകിയിട്ടുള്ളത്.

(സി) 6299 അപേക്ഷകൾ ലഭിച്ചിരുന്നു.

(ഡി) ഓരോ ജില്ലയിലെയും പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് മണ്ണെണ്ണയുടെ അലോട്ട്മെന്റ് നിർണ്ണയിച്ചിട്ടുള്ളത്. പുതിയ പെർമിറ്റുകളുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത് അതതു ജില്ലകൾക്ക് അനുവദിച്ചിട്ടുള്ള മണ്ണെണ്ണയുടെ തോത് അനുസരിച്ചാണ്. ഈ സാഹചര്യത്തിൽ കിളിമാനൂർ മണ്ഡലത്തിലെ മാത്രം പെർമിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുവാൻ നിവൃത്തിയില്ല.

114 (1474) മാവേലി സ്റ്റോറുകളില്ലാത്ത പഞ്ചായത്തുകൾ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നിലവിൽ മാവേലിസ്റ്റോറുകളില്ലാത്ത എത്ര പഞ്ചായത്തുകളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വെളിപ്പെടുത്തുമോ;

(ബി) മാവേലി സ്റ്റോറുകളില്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പുതുതായി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ നിലവിൽ മാവേലി സ്റ്റോറുകളില്ലാത്ത 47 പഞ്ചായത്തുകളുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി)&(സി) കേരളത്തിൽ ഇപ്പോൾ മാവേലി സ്റ്റോറുകളില്ലാത്ത 469 പഞ്ചായത്തുകളിലും ഓരോ മാവേലി സ്റ്റോർ തുടങ്ങുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ആദ്യപടിയായി നിലവിൽ മാവേലി സ്റ്റോറുകളില്ലാത്ത

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly